**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 352** **27-06-2022 - ൽ മറുപടിയ്ക്ക്**

**കുടിശ്ശിക എഴുതി തള്ളുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സി.ആർ.ഇസഡ്. ബാധകമായ പ്രദേശങ്ങളിലെ വീടുകൾക്ക് യു.എ. നമ്പർ നൽകി കെട്ടിട നികുതിയായി വലിയ തുക നിശ്ചയിച്ചിട്ടുള്ളത് സാധാരണക്കാർക്ക് അടയ്ക്കുവാൻ കഴിയാത്തത് മൂലം തീരദേശ പഞ്ചായത്തുകളിൽ ഉണ്ടാകുന്ന കുടിശ്ശിക എഴുതി തള്ളുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) | 1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 എഎ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 203-ാം വകുപ്പ് (2) -ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരമാണ് നികുതി ഈടാക്കി വരുന്നത്. കുടിശ്ശിക എഴുതി തള്ളുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ